ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെയൊരു മെമ്മോറാണ്ടം കിട്ടിയിട്ടുണ്ട്; അതിനും പുറമേ ഡ്രൈവേഴ്സിന്റെ വേറൊരു യൂണിയനുണ്ട്, അവരുടെ മെമ്മോറാണ്ടവും അടുത്തുതന്നെ കിട്ടാനിടയുണ്ട്.

ശ്രീ. എം. എം. സുന്ദരം : ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ ഒരു സമരം നടത്തിയിരുന്നല്ലോ ഏതടിസ്ഥാനത്തിലാണ് പിൻവലിച്ചത് ?

ശ്രീ. കെ. ടി. അച്യുതൻ : പിൻവലിച്ചതിന്റെ കാരണം യൂണിയൻ കാരോട് ചോദിക്കണം. അതിനെ സംബന്ധിച്ച നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സമരം പിൻവലിച്ചതായിരിക്കും.

ശ്രീ. കെ. ഹസ്സൻഗനി : ട്രാൻസ്പോർട്ട് ജീവനക്കാരെ സംബന്ധിച്ച ചില കാര്യങ്ങൾ പി. എസ്. സി. ക്കുപോകേണ്ടതുണ്ട് ഒഴികെയുള്ള കാര്യങ്ങൾ നടപ്പാക്കാൻ എന്താണ് കാലതാമസത്തിനു കാരണം ?

ശ്രീ. കെ. ടി. അച്യുതൻ : ഫിനാൻസ് ഡിപ്പാർട്ടുമെന്റുമായിട്ട് ചർച്ചനടത്തേണ്ട കാര്യമാണിതു്. എന്തെല്ലാം സാമ്പത്തികബാധ്യത ഉണ്ടാകും ; ആണ്ടതോറും എത്രമാത്രം സാമ്പത്തികബാധ്യതവരും, ഓരോ കൊല്ലവും എത്രമാത്രം സാമ്പത്തികഭാരം ഉണ്ടാകും എന്നുംമറ്റുമുള്ള കാര്യങ്ങൾ വേണ്ടപോലെ പരിശോധിച്ചതിനുശേഷമേ ഒരു അവസാനതീരുമാനം എടുക്കാൻ സാധിക്കുള്ളു. ഒരു ഗവണ്മെന്റു ഡിപ്പാർട്ടുമെന്റു് എന്ന നിലയ്ക്കു് അതെല്ലാം പരിശോധിച്ചതിനുശേഷമേ അവസാന തീരുമാനം എടുക്കാൻ പറ്റുകയുള്ളു.

ശ്രീ.പി.എസ്.ശ്രീനിവാസൻ : ഐ. എൻ. ടി. യു. സി. ട്രാൻസ്പോർട്ട് സമരം പിൻവലിക്കുന്നതിനു് ഗവണ്മെന്റു് എന്തെങ്കിലും ഉറപ്പു കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ഉറപ്പു കൊടുത്തിട്ടില്ല. അതു സംബന്ധിച്ച ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു അവസാന തീരുമാനം ഉണ്ടാകുമെന്നുള്ള വിശ്വാസത്തിൽ പിൻവലിച്ചതായിരിക്കും.

School going children

* 530. [14] **Shri M. M. Mathai :** Will the Chief Minister be pleased to state :

(a) what is the total number of school going children in this school year ; and

(b) what is their number in Primary, Upper Primary and Higher Secondary classes ?

Chief Minister (**Shri R. Sankar**) :

(a) The total number of school going children during the current academic year is 37,68,200

(b)	Number of pupils in Lower Primary Schools	22,14,821
	Number of pupils in Upper Primary Schools	9,88,377
	Number of pupils in High Schools	5,65,602

There are no Higher Secondary Classes at present.

ശ്രീ. എം. എം. മത്തായി : കഴിഞ്ഞവർഷത്തേക്കാൾ എത്ര ശതമാനം കൂടുതൽ കുട്ടികളാണ് അടുത്തവർഷം ചേരാൻ ഇടയുണ്ടെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : 36 ലക്ഷത്തോളം കുട്ടികൾ കഴിഞ്ഞവർഷം ഉണ്ടായിരുന്ന ആണ്ടയോടും ഒന്നേമുക്കാൽ, രണ്ടുലക്ഷത്തോളം കുട്ടികൾ വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : അടുത്ത സ്കൂൾവർഷത്തിൽ വർദ്ധിക്കാൻ ഇടയുള്ള കുട്ടികളുടെ തോതനുസരിച്ച് എത്ര ലക്ഷം രൂപയുടെ കൂടുതൽ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ശ്രീ. ആർ. ശങ്കർ : രണ്ടുലക്ഷം കുട്ടികൾ കൂടുതൽ ഉണ്ടായാൽ, 6000 അദ്ധ്യാപകരെ പുതുതായി വേണ്ടിവരും. അവർക്ക് റെക്കറിംഗ് ശമ്പളം ഇനത്തിൽ ഏകദേശം എഴുപതുലക്ഷം രൂപവരെ ചെലവുവരും. മൂലധനച്ചെലവായിട്ട് നാലുകോടിയോളം രൂപയാകും. ആണ്ടതോറും അത് ചേരിച്ച് ഒരു ചെലവായിരിക്കും. പ്രൈവറ്റ് സ്കൂളാണെങ്കിൽ മൂലധനച്ചെലവ് കുറഞ്ഞിരിക്കും.

ശ്രീ. എം. നാരായണക്കുറുപ്പ് : പെറ്റുതുത്തി ലവൽ ക്രോസിംഗ് കടന്നുപോകുന്ന റോഡരികിൽ, 'ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ' എന്നൊരു വലിയ ബോർഡു വളരെ ആകർഷകമായരീതിയിൽ കാണുന്നുണ്ട്. ബഹുമാനപ്പെട്ടമന്ത്രി പറഞ്ഞിട്ടുണ്ട്, യാതൊരു ഹയർ സെക്കൻഡറിസ്കൂളും ഇപ്പോൾ ഇല്ലെന്നു; അതിന്റെ അർത്ഥം എന്താണു ?

ശ്രീ. ആർ. ശങ്കർ : 'ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ' എന്നൊരു ബോർഡ് അവിടെ ഇരിക്കുന്നുണ്ടെന്നാണോ' അതിന്റെ അർത്ഥം.

ശ്രീ. കെ. ഹസ്സൻഗനി : ഗ്രാമപ്രദേശങ്ങളിലുള്ളതിനെക്കാൾ, ഓരോ വർഷവും പട്ടണങ്ങളിൽ കുട്ടികൾ വളരെ കൂടുതൽ സ്കൂളുകളിൽ പോകുന്നുണ്ട് ആ വസ്തുത പരിഗണിച്ച്, ഇന്ന് എഡ്യൂക്കേഷൻ റൂൾസിൽ ഇത്ര ഏക്കർ സ്ഥലം വേണമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതിന് എന്തെങ്കിലും മാറ്റം വരുത്തുമോ? കോഴിക്കോട്, മട്ടാഞ്ചേരി, മുതലായ പട്ടണങ്ങളിൽ കൂടുതൽ സ്ഥലം കിട്ടാൻ വിഷമമായതുകൊണ്ട് ഈ വ്യവസ്ഥയിൽ അയവുവരുത്താതെ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

ശ്രീ. ആർ. ശങ്കർ : ഗ്രാമപ്രദേശങ്ങളിലേക്കാൾ കുട്ടികൾ പട്ടണത്തിലുണ്ടെന്ന് പറയുന്നതു ശരിയല്ല. പട്ടണങ്ങളിൽ മുൻപുതന്നെ കുട്ടികൾക്കു പഠിക്കാനുള്ള സൗകര്യം ഉണ്ടായിരുന്നു. ഗ്രാമപ്രദേശങ്ങളിലാണ് കൂടുതൽകൂടുതൽ കുട്ടികൾ സ്കൂളുകളിൽ പോകാൻ തുടങ്ങിയിരിക്കുന്നതു്. പട്ടണങ്ങളിൽ വളരെ ജനത്തിരക്കുള്ളതുകൊണ്ട് ഇന്നു വ്യവസ്ഥ ചെയ്തിട്ടുള്ള സ്ഥലത്തിന്റെ വിസ്തൃതിയിൽ കുറവുവരുത്തുന്നതു് ബോധപൂർവ്വമായിരിക്കയില്ല. വേണ്ടിടത്തോളം സ്ഥലം ഇല്ലെങ്കിൽ, മറ്റു സ്ഥലത്തു് വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാക്കുകയാണു വേണ്ടതു്.

മോട്ടോർ അപകടങ്ങൾ.

* 531. [15] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും, തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോറികളുമായി ബന്ധപ്പെട്ടിട്ടുള്ള എത്ര മോട്ടോർ അപകടങ്ങൾ 1963-ൽ കേരളത്തിൽ ഉണ്ടായിട്ടുണ്ട് ;

(ബി) അവയിൽ എത്രയെണ്ണം കോടതി ശിക്ഷയ്ക്കു വിധേയമായിട്ടുണ്ട് ;

(സി) ലോറികളുടെ over speed നിയന്ത്രിക്കുവാൻ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly